ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കെ.എസ്.ആർ.ടി.സി. യുടെ ഷെഡ്യൂളുകൾ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേശവൽകൃത മേഖലയും ഗ്രാമപ്രദേശങ്ങൾക്കും കൂടുതൽ വരുമാനം ലഭിക്കുന്ന മേഖലക്കും ഊന്നൽ നൽകും. ദീർഘദൂര സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ തീരുമാനിച്ചു. ഉയർന്നതരം സർവ്വീസുകൾക്ക് മുന്തിയതരം സീറ്റുകളോടു കൂടിയ വാഹനങ്ങൾ ഉപയോഗിച്ചു തുടങ്ങി. ഇത്തരത്തിലുള്ള സർവ്വീസുകൾക്ക് രണ്ടു വർഷത്തിൽ താഴെ പഴക്കമുള്ള വാഹനങ്ങൾ മാത്രമേ ഉപയോഗിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ യൂണിറ്റുകളെയും ഹെഡ് ഓഫീസിനേയും ബന്ധിപ്പിച്ചുകൊണ്ട് കമ്പ്യൂട്ടർ നെറ്റ്വർക്ക് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. കെ.എസ്.ആർ.ടി.സി. യുടെ വരുമാനചോർച്ച തടയുന്നതിനായി ചെക്കിംഗ് വിഭാഗം കാര്യക്ഷമമാക്കുവാനും നടപടിയായി. സാമ്പത്തിക ലഭ്യതയനുസരിച്ച് പ്രധാനപ്പെട്ട ബസ് സ്റ്റേഷനുകൾ കൂടുതൽ സൗകര്യപ്രദമാക്കും. ഇത്തരത്തിൽ വികസനത്തിന്റെ പാതയിലാണ് കെ.എസ്.ആർ.ടി.സി.

93 (1542) കെ.എസ്.ആർ.ടി.സി. യിലെ എസ്.സി.എസ്.ടി. ജീവനക്കാർ

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984-85 വർഷം ഹരിജനക്ഷേമവർഷമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 2.8.84-ൽ താല്ക്കാലിക സർവ്വീസിലുണ്ടായിരുന്ന എസ്.സി., എസ്.ടി. ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാർ ഇറക്കിയ ഉത്തരവ് കെ.എസ്.ആർ.ടി.സി. യിൽ എന്നുമുതലാണ് നടപ്പിലാക്കിയത്;

(ബി) സർക്കാർ ഉത്തരവ് അതേപടി നടപ്പാക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) മേൽ ഉത്തരവ് യഥാസമയം നടപ്പാക്കി കിട്ടണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി. യിലെ ഡ്രൈവർ ജെ. രവീന്ദ്രൻ സമർപ്പിച്ച ഹർജികളിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) ശ്രീ. ജെ. രവീന്ദ്രന് മേൽ ആനുകൂല്യം നടപ്പാക്കിക്കൊടുക്കുമോ;

(ഇ) നൽകുമെങ്കിൽ എത്ര ദിവസംകൊണ്ട് നൽകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചു മറുപടി സമർപ്പിക്കുന്നതാണ്.

94 (1543) കെ.എസ്.ആർ.ടി.സി. യിലെ ജീവനക്കാർ

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly